## പത്രക്കുറിപ്പ്

# നോട്ട് തട്ടിപ്പ് സംഘം പിടിയിൽ

## യുവാക്കളെ ആക്രമിച്ച് കവർച്ച നടത്തിയ കേസിൽ രണ്ടുപേർ കൂടി പിടിയിൽ

തിരുവനന്തപുരം:- തിരുവനന്തപുരം സിറ്റി കേന്ദ്രീകരിച്ച് നോട്ട് ഇരട്ടിപ്പ് എന്ന വ്യാജേന ലക്ഷങ്ങൾ തട്ടിയ രണ്ടംഗ സംഘത്തെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തമിഴ്നാട് വിളവൻകോട് സ്വദേശി സുന്ദർരാജ് (51), തിരുവനന്തപുരം അമ്പലമുക്ക് സ്വദേശി അണ്ടൂർക്കോണത്ത് വാടകക്ക് താമസിച്ചുവരുന്ന രഞ്ജിത്ത് എന്ന് വിളിക്കുന്ന സജിത്ത് (45) എന്നിവരെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്.

നോട്ട് ഇരട്ടിപ്പിച്ച് നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് തുക തട്ടിയെടുത്ത ശേഷം നോട്ടുകെട്ടുകളുടെ മുകൾ ഭാഗത്തും അടി ഭാഗത്തും യഥാർത്ഥ നോട്ടുകളും ഇടയിൽ സിനിമാ ഷൂട്ടിംഗുകൾക്കും മറ്റുമായി പ്രിന്റ് ചെയ്ത ഫാൻസി നോട്ടുകൾ വച്ചും കൈമാറ്റം ചെയ്ത് കബളിപ്പിക്കുന്ന രീതിയാണ് ഇവരുടേത്. കഴിഞ്ഞ വർഷം ഫോർട്ട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളെക്കുറിച്ച് രഹസ്യ വിവരം ലഭിച്ചതിനെത്തുടർന്ന് പ്രതികളിലൊരാളായ



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത
സുന്ദർരാജ് (51), സജിത്ത് (45)

സജിത്തിനെ അറസ്റ്റ് ചെയ്ത ശേഷം അണ്ടൂർക്കോണത്തെ വീട്ടിൽ നടത്തിയ പരിശോധനയിൽ കബളിപ്പിക്കുന്നതിനായി പ്രിന്റ് ചെയ്തു സൂക്ഷിച്ചിരുന്ന ഫാൻസി നോട്ടുകളുടെ വൻശേഖരവും പോലീസ് കണ്ടെടുത്തിട്ടുണ്ട്. നിരവധി ആൾക്കാർ ഇവരുടെ തട്ടിപ്പിനിരയായതായി സംശയിക്കുന്നു. ഫോർട്ട് അസ്സി. കമ്മിഷണർ ഷാജിക്ക് ലഭിച്ച് രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് എസ്.എച്ച്.ഒ രാകേഷ്, എസ് ഐമാരായ സജു എബ്രഹാം, ഉത്തമൻ, സുനിൽകുമാർ, സി പി ഒ മാരായ ബിനു, സാബു, പ്രഫൽ, സിന്ധു, അജിത എന്നിവരടങ്ങിയ പ്രത്യേക സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. റിമാന്റ് ചെയ്ത പ്രതികളെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ അന്വേഷണം നടത്തുമെന്നും കമ്മീഷണർ അറിയിച്ചു.

## യുവാക്കളെ ആക്രമിച്ച് കവർച്ച നടത്തിയ കേസിൽ രണ്ടുപേർ കൂടി പിടിയിൽ

തിരുവനന്തപുരം:- കഴക്കൂട്ടം മേനംകുളത്ത് യുവാക്കളെ ആക്രമിച്ച് സ്വർണ്ണമാലയും മൊബൈൽ ഫോണും കവർച്ച ചെയ്ത കേസിൽ രണ്ടുപേരെ കൂടി പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കഠിനംകുളം പുത്തൻതോപ്പ് കനാൽ പുറമ്പോക്ക് വീട്ടിൽ തമ്പി എന്ന് വിളിക്കുന്ന അൻഷാദ് (24), മേനംകുളം പുതുവൽപുത്തൻവീട്ടിൽ അഭിലാഷ് (23) എന്നിവരെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസിലെ മറ്റ് രണ്ട് പ്രതികളായ രഞ്ജിത്ത്, വിഷ്ണു എന്നിവരെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.


കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത
അൻഷാദ് (24), അഭിലാഷ് (23)

ജൂലൈ 20-ന് ഉച്ചയ്ക്ക് 12 മണിയ്ക്കാണ് സംഭവം നടന്നത്. കുടവൂർ സ്വദേശികളായ ശാന്തനുവും സുജിത്തും ബൈക്കിൽ സഞ്ചരിച്ച വരവെ നാലംഗസംഘം മേനംകുളം കോൺഫിഡന്റ് ഫ്ലാറ്റിന് സമീപത്ത് വച്ച് ത ടഞ്ഞു നിർത്തി വടി കൊണ്ട് അടിയ്ക്കുകയും ശാന്തനുവിന്റെ ഒരു പവന്റെ സ്വർണ്ണമാലയും വിലപിടിപ്പുള്ള മൊബൈൽ ഫോണും കവർച്ച ചെയ്ത് എടുക്കുകയുമായിരുന്നു. ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികളെ അന്വേഷിച്ച വരവെ കഴക്കൂട്ടം അസ്സി.കമ്മീഷണർ ഹരി.സി.എസ്-ന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ പ്രവീൺ, എസ്.ഐ വിഷ്ണു, സി.പി.ഒ-മാരായ സജാദ്ഖാൻ, ബിനു, സുജിത്ത്, അൻസിൽ, ശ്യാം എന്നിവരടങ്ങിയ പോലീസ് സംഘം, രണ്ടാം പ്രതിയായ അൻഷാദിനെ കാഞ്ഞിരപ്പള്ളിയിൽ നിന്നും നാലാം പ്രതി അഭിലാഷിനെ കഴക്കൂട്ടം കല്പന കോളനിയിൽ നിന്നുമാണ് ഇന്നലെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
30-08-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി